പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3786 26-06-2012-ൽ മറുപടിയ്ക്ക്

## തലശ്ശേരിയിലെ സർക്കസ് അക്കാദമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | തലശ്ശേരിയിൽ ആരംഭിച്ച സർക്കസ് അക്കാദമിക്കായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചെന്ന് വ്യക്തമാക്കാമോ ; | (എ) | ഈ സാമ്പത്തിക വർഷം തുകയൊന്നും നീക്കിവച്ചിട്ടില്ല. |
| (ബി) | പ്രസ്തുത അക്കാദമിയുടെ പശ്ചാത്തല സൗകര്യങ്ങൾക്കായി ഇതിനകം എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചതെന്ന് വ്യക്തമാക്കാമോ ; | (ബി) | സർക്കസ് അക്കാഡമിയുടെ നിർമ്മാണത്തിനായി തലശ്ശേരിയിലെ കുണ്ടൂർമലയ്ക്കടുത്ത് എരഞ്ഞോളി വില്ലേജിൽ 10.18 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി കണ്ണൂർ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു. അക്കാഡമി താത്ക്കാലികമായി ഒരു വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനും മറ്റുമായി ആകെ 1,25,50,000/- രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) കണ്ണൂർ ജില്ല കളക്ടർക്ക് ഇതുവരെ അനുവദിച്ച നൽകിയിട്ടുണ്ട്. |
| (സി) | അക്കാദമിയുടെ സ്ഥലമെടുപ്പ്, കെട്ടിടനിർമ്മാണത്തിന്റെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും പ്രവൃത്തി എന്നിവ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | (സി) | തലശ്ശേരി താലൂക്കിൽ എരിഞ്ഞോളി വില്ലേജിൽ സർക്കസ് അക്കാഡമിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമത്തിലെ സെക്ഷൻ 6 പ്രകാരമുള്ള പ്രഖ്യാപനം കേരള സർക്കാരിന്റെ 08.11.2011 -ലെ 2124-ാം നമ്പർ അസാധാരണ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥലമെടുപ്പ് നടപടി അടിസ്ഥാനഭൂവില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ